

THURSDAY 15-09-2022 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S
Editor : Dr Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-15/09/2022.

1. 2022 സീസണിലെ കൊപ്ര സംഭരണത്തിനായി ആഗസ്റ്റ് 1 വരെ അനുവദിച്ചിരുന്ന കാലാവധി നവംബർ 6 വരെ നീട്ടിയതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തു സംഭരണ കാലാവധി നീട്ടണമെന്ന സർക്കാരിന്റെ ആവശ്യപ്രകാരമാണ് കേന്ദ്രം ഇപ്പോൾ നവംബർ 6 വരെ കാലാവധി നീട്ടിയിരിക്കുന്നത്.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലത്തുള്ള വിത്തുൽപാദന പ്രദർശന തോട്ടത്തിൽ ഗുണമേന്മയുള്ള നാടൻ, കുറിയ ഇനം തെങ്ങിൻ തൈകൾ വിൽപനയ്ക്കു തയാറായിട്ടുണ്ട്. നാടൻ തൈ ഒന്നിന് 100 രൂപയും, കുള്ളൻ തൈ ഒന്നിന് 110 രൂപയുമാണ് വില. 10 തൈകൾ എങ്കിലും വാങ്ങുന്ന കർഷകർക്ക് സി.ഡി.ബിയുടെ തെങ്ങു പുതുകൃഷി പദ്ധതി പ്രകാരമുള്ള സബ്സിഡി ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായോ 0485 – 225 4240 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

3. വിതുര ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഡിസ്പെൻസറിയുടെയും ആഭിമുഖ്യത്തിൽ ഇന്ന് ബോണക്കാട്, മരുതാമല, തേവിയോട്, കൊപ്പം, വിതുര മേഖലകളിൽ ക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്. ശേഷം ദിവസങ്ങളിൽ മാസാവസാനം വരെ വിതുര മൃഗാശുപത്രിയിലും വാക്സിനേഷൻ ഉണ്ടായിരിക്കുന്നതാണെന്ന് വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0472 2859500** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. **കാട്ടാക്കട** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഈ മാസം 28 വരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടാതെ, ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 17 മുതൽ 28 (സെപ്റ്റംബർ 17 മുതൽ 28 വരെ) വരെയുള്ള തീയതികളിൽ ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്നും സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ 1300 ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ പത്ത് രൂപ നിരക്കിൽ നാളെ (സെപ്റ്റംബർ 16) വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണി വരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 15) രാവിലെ 11 മണിക്ക് **ഇലക്കറികളുടെ പ്രാധാന്യം** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ തത്സമയപരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **ശാസ്ത്രീയ മണ്ണ് സംരക്ഷണ മുറകൾ, ശാസ്ത്രീയ വളപ്രയോഗം, കുരുമുളക് കൃഷി, തീറ്റപ്പുൽ കൃഷി, വീട്ടുവളപ്പിലെ ജൈവ മാലിന്യ സംരക്ഷണ മാർഗ്ഗങ്ങൾ, നഴ്സറി പരിപാലനം, പഴം - പച്ചക്കറി സംസ്ക്കരണം, കോഴി വളർത്തൽ, കൂൺ കൃഷി, പച്ചക്കറി കൃഷിയിലെ നല്ല കാർഷിക മുറകൾ** എന്നീ വിഷയങ്ങളിൽ പരിശീലനങ്ങൾ നൽകുന്നു. ഒരു ദിവസത്തെ പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ രാവിലെ 10 മുതൽ 4 മണി വരെ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നാളെയും മറ്റെന്നാളുമായി (സെപ്റ്റംബർ 16, 17) **ശുദ്ധമായ പാലുൽപാദനം** എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഇന്ന് (സെപ്റ്റംബർ 15) 5 മണിക്ക് മുൻപായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150 രൂപ ദിനബത്തയും ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 –2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി. ഓ

തിരുവനന്തപുരം- 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഈ മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

9. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ഈ മാസം **19, 20** (സെപ്റ്റംബർ 19,20) തീയതികളിൽ രണ്ട് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനാർത്ഥികൾ രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർ ആയിരിക്കണം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് ട്രെയിനിംഗിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. താൽപര്യമുള്ളവർ **04734 266869, 9495390436** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ചോ, വാട്ട്സാപ്പ് സന്ദേശം അയച്ചോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് ഈ മാസം 17-ന് (സെപ്റ്റംബർ 17) രാവിലെ 10 മണി മുതൽ 4 മണി വരെ **ആട് വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. **കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി വിജ്ഞാന കേന്ദ്രത്തിൽ പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് അഗ്രോമെറ്റ് യൂണിറ്റ് നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- ശീതകാല കിഴങ്ങു വിളകളായ കാരറ്റ്, ബീറ്റ്റൂട്ട് തുടങ്ങിയവ ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് കൃഷി ചെയ്യുന്നത്.
- നേരിട്ട് വിത്ത് പാകി വളർത്തുന്ന വിളകളാണിവ. കാരറ്റിൽ പുസ രുധിര, സൂപ്പർ കുറോഡാ തുടങ്ങിയവയും ബീറ്റ്റൂട്ടിൽ മധുർ, ഇൻഡാം റൂബി ക്വീൻ എന്നീ ഇനങ്ങളും കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായവയാണ്.
- നല്ലനീർ വാർച്ചയും, സൂര്യപ്രകാശവും ഇളക്കമുവുമുള്ള മണ്ണാണ് കൃഷിയ്ക്കായി തിരഞ്ഞെടുക്കേണ്ടത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- മണ്ണിലെ അമ്ലത നിയന്ത്രിക്കുന്നതിനും കാൽസ്യത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനുമായി നിലമൊരുക്കുമ്പോൾ ഒരു സെന്ററിലേക്ക് 1 മുതൽ 2 കിലോ കുമ്മായം എന്ന തോതിൽ മണ്ണിൽ ചേർക്കണം.
- കുമ്മായ പ്രയോഗം നടത്തി 15 ദിവസത്തിനു ശേഷം 100 കിലോ ഒരു സെന്റിന് എന്ന തോതിൽ ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകം ചേർത്ത് വേണം നിലം ഒരുക്കാൻ.
- സെപ്റ്റംബർ അവസാനത്തോടെയോ ഒക്ടോബർ ആദ്യത്തിലോ ഇവയുടെ വിത്തുകൾ തവാരണകളിൽ പാകാം.
- ഇവയുടെ വിത്ത് ശേഖരണവും കൃഷിക്കായുള്ള തയ്യാറെടുപ്പുകളും ഇപ്പോൾ ആരംഭിക്കാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം